അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2-ലുള്ള ഇൻസ്പെക്ടർമാരേയും അവരുടെ മേൽനോട്ടം വഹിക്കുവാൻ 11 ജില്ലാ ലേബർ ഓഫീസർമാരേയും (ഇ) സംസ്ഥാനത്ത് നിയോഗിച്ചിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾക്കനുസരിച്ചുള്ള പരിരക്ഷകൾ ഇതിനുവേണ്ടി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ക്ഷേമപദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നത് അതത് ക്ഷേമബോർഡുകളാണ്.

96 (1202) സംസ്ഥാനത്തെ തൊഴിൽമേഖല

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എൻ കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽമേഖല മുൻകാലങ്ങളെ അപേക്ഷിച്ച് ശാന്തമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാനത്തെ തൊഴിൽ മേഖല ശാന്തമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിൽമേഖലയിലെ തർക്കങ്ങൾ ഒഴിവാക്കി അടുത്ത ഓണക്കാലത്തിനു മുമ്പുതന്നെ തൊഴിലാളികൾക്ക് അർഹതപ്പെട്ട ബോണസിനെ സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് പ്രശ്നം പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഇ) അനുരഞ്ജനത്തോടെയും ചർച്ചയിലൂടെയും കഴിഞ്ഞ വർഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് പ്രശ്നമാണ് സർക്കാർ പരിഹരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(എഫ്)സംസ്ഥാനത്തെ തൊഴിൽമേഖലയിലെ ബോണസ് ഓണത്തിനു മുമ്പുതന്നെ പ്രഖ്യാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംഘടിതവും, അസംഘടിതവും ആയ തൊഴിൽമേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് സമയോചിതമായ ഇടപെടലുകളിലൂടെ പരിഹാരം കാണുകയും തൊഴിൽമേഖല ശാന്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി)&(ഡി) സംസ്ഥാനത്തെ തൊഴിൽമേഖലയിൽ ഏതുവിധത്തിലുള്ള തർക്കങ്ങളുണ്ടായാലും, അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാരുണ്ട്. ഈ ഉദ്യോഗ സ്ഥൻമാർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമി ക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കുവാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടാറുണ്ട്. ഇതിന് പുറമേ സംസ്ഥാനതലത്തിൽ വ്യാവസായികാടിസ്ഥാനതലത്തിൽ ഉണ്ടാകുന്ന തൊഴിൽത്തർക്കങ്ങൾ ചർച്ച യിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി, മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധസമിതികളും, ലേബർ കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതാത് മേഖല യിൽ ഉണ്ടാവുന്ന തർക്കങ്ങൾ അതാത് ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി യിൽ പരിഹരിക്കാവുന്നതാണ്.

(ഇ) 6 പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് പ്രശ്നങ്ങ ളാണ് പരിഹരിച്ചത്.

(എഫ്) സ്വീകരിക്കും.

97 (1203) തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സമിതികൾ

ശ്രീ. കെ. ബാബു :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി നിശ്ചയിക്കുന്ന തിന് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ ഏതെല്ലാം വിഭാഗം തൊഴിലാളികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമിതി തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മിനിമം വേതനം ആദ്യമായി നിശ്ചയിക്കുന്നതിന് താഴെപ്പറ യുന്ന മൂന്നു മിനിമം വേതന കമ്മിറ്റികളെ നിയമിച്ചിട്ടുണ്ട്.

1. ക്രമ്പ് റബ്ബർ ഫാക്ടറികൾ
2. ഓയിൽ പാം പ്ലാന്റേഷൻസ്
3. മണൽവാരലും കയറ്റിറക്കും

അവയിൽ ഓയിൽ പാം പ്ലാന്റേഷനുവേണ്ടിയുള്ള കമ്മിറ്റി ഇപ്പോൾ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

(ബി) മുകളിലത്തെ ഉത്തരം കണ്ടാലും

(സി) മുകളിൽ പറഞ്ഞിട്ടുള്ള മൂന്നു കമ്മിറ്റികളും അവരുടെ പ്രവർത്തനം പൂർത്തിയാക്കി റിപ്പോർട്ടു കിട്ടുന്ന മുറയ്ക്ക് വിജ്ഞാപനം പുറ പ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly